ആന എഴുന്നെള്ളത്തിന് നിയന്ത്രണം

101 (1036) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ സമ്മേളനങ്ങൾ, ഉത്സവം, നേർച്ച തുടങ്ങിയ ആഘോഷങ്ങൾക്ക് എഴുന്നെള്ളത്തിനായി ആനകളെ യാതൊരു നിയന്ത്രണവുമില്ലാതെ ഉപയോഗിക്കുന്നത് നിത്യേന അപകടങ്ങൾക്കും മറ്റും കാരണമാകുന്നത് സർക്കാർ അന്വേഷിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ വർഷം ഇങ്ങനെ അപകടങ്ങൾ ഉണ്ടായി എത്ര പേർ മരിച്ചു ;

(സി) ആനകളെ എഴുന്നെള്ളത്തിന് ഉപയോഗിക്കുന്നതിന് എന്തെങ്കിലും നിബന്ധനകൾ പാലിക്കേണ്ടതുണ്ടോ ;

(ഡി) എങ്കിൽ എന്തൊക്കെ ;

(ഇ) മയക്കുവെടി വയ്ക്കുന്ന ഡോക്ടർമാർ സ്ഥലത്തുണ്ടാകണം എന്ന് വ്യവസ്ഥയുണ്ടോ ;

(എഫ്) നിലവിൽ നിബന്ധനകൾ ഇല്ലെങ്കിൽ ജീവനും സ്വത്തിനും ഉള്ള നാശനഷ്ടം കണക്കിലെടുത്ത് നിബന്ധനകൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിത്യേന അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2000 വർഷത്തിൽ ഇത്തരത്തിൽ 2 പേർ മരിച്ചതായി അറിയുന്നു.

(സി & ഡി) ഇപ്പോഴുള്ള വന്യജീവി നിയമപ്രകാരം അത്തരം നിബന്ധനകൾ നിലവിലില്ല.

(ഇ) ഇല്ല.

(എഫ്) പരിശോധിച്ചു വരുന്നു.

സ്ത്രീപീഡന-പെൺവാണിഭ കേസ്സുകൾ വിചാരണ ചെയ്യാൻ സ്പെഷ്യൽ കോടതി

102 (1037) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീപീഡന-പെൺവാണിഭ കേസുകൾ വിചാരണ ചെയ്യുന്നതിനായി എത്ര സ്പെഷ്യൽ കോടതികൾ രൂപീകരിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly